ടെലിഫോൺ : 0471-2512585/2638
ഫാക്സ് : 0471-2305891
തിരുവനന്തപുരം
പിൻ-695 033

5368

ടെലിഗ്രാം : നിയമസഭ
E-mail: training@niyamasabha.org
website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
19-06-2013.

നമ്പർ:4551/ട്രെയിനിംഗ് 1/2012/ലെജി

22 JUN 2013

സെക്രട്ടറി

ഡയറക്ടർ,
പൊതു വിദ്യാഭ്യാസ വകുപ്പ്.

സർ,

വിഷയംഃ- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം- കേരളത്തിലെ നിയമനിർമ്മാണസഭകളുടെ 125-ാം വാർഷികം - സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അഭിരുചി പരീക്ഷ സംബന്ധിച്ച്.

സൂചന ഃ- 11.06.2013-ലെ ഇതേ നമ്പർ കത്ത്.

............

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. കേരളത്തിലെ നിയമ നിർമ്മാണസഭകളുടെ 125-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന അഭിരുചി പരീക്ഷയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങ ളിൽ 7-ാമത് നിർദ്ദേശം വിദ്യാഭ്യാസ ജില്ലാതല പരീക്ഷയിൽ ആദ്യ രണ്ട് സ്ഥാനത്തേയ്ക്ക് തുല്യമാർക്ക് വരുന്നപക്ഷം വിജയിയെ നറുക്കെടുപ്പിലൂടെ തീരുമാനിയ്ക്കണമെന്നാണ്. എന്നാൽ നറുക്കെടുപ്പിലൂടെ വിജയിയെ പ്രഖ്യാപിക്കുന്നത് പരാതിക്കിടയാക്കിയേക്കുമെന്ന തിനാൽ വിദ്യാഭ്യാസ ജില്ലാതല പരീക്ഷയിൽ തുല്യമാർക്ക് വരുന്നപക്ഷം ആദ്യ രണ്ട് സ്ഥാനക്കാരെ നിശ്ചയിക്കുന്നതിന് ഒരു ടൈബ്രേക്കർ റൗണ്ട് ഏർപ്പെടുത്തുവാൻ തീരുമാനി ച്ചിട്ടുണ്ട്. ആയതിനാൽ വിദ്യാഭ്യാസ ജില്ലാതല പരീക്ഷയിൽ ആദ്യ രണ്ട് സ്ഥാനത്തേയ്ക്ക് തുല്യമാർക്ക് വരുന്നപക്ഷം ടി സ്ഥാനങ്ങളിലേയ്ക്കുള്ള വിജയിയെ കണ്ടെത്തുന്നതിന് ഒരു ടൈബ്രേക്കർ റൗണ്ട്കൂടി ഏർപ്പെടുത്തണമെന്നും ടൈബ്രേക്കറിന്റെ റൗണ്ടുകൾ പൂർത്തി യായശേഷവും തുല്യമാർക്ക് ആവർത്തിയ്ക്കുന്നപക്ഷം 'ക്വിക് ക്വസ്റ്റൻ' നൽകി ആദ്യം ശരിയുത്തരം നൽകുന്നയാളെ വിജയിയായി പ്രഖ്യാപിയ്ക്കാവുന്നതാണന്നുമുള്ള വിവരം എല്ലാ വിദ്യാഭ്യാസ ജില്ലാ ഓഫീസറേയും അറിയിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

ടൈബ്രേക്കർ റൗണ്ടിനുള്ള ചോദ്യങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കി നൽകുന്നതാണ്.

വിശ്വസ്തതയോടെ,

സഖറിയ പി. സാമുവൽ,
അണ്ടർ സെക്രട്ടറി (ഐ.ടി. & ട്രെയിനിംഗ്),
സെക്രട്ടറിക്കുവേണ്ടി.

പകർപ്പ്

സെക്രട്ടറി
പരീക്ഷാഭവൻ,
പൂജപ്പുര. തിരുവനന്തപുരം.

PTO

Endt. No: Y(1)/90872/2012/DPI Dt: 08/07/2013

Copy communicated to all Deputy Directors of Education and District Educational Officers with direction to comply the instruction in Government letter

Yours faithfully

8/7/13

For DIRECTOR OF PUBLIC INSTRUCTION

To

All Deputy Director of Education

All District Educational Officers

DIRECTORATE OF PUBLIC INSTRUCTION * JAGATHY, TVPM-14 *